

# രാമായണത്തിലെ സീത

മറയുന്നു ദൂരത്തിലൊരു സന്ധ്യ ; കാട്ടിൻെറ
കരളിൽ നിന്നൊരു തേങ്ങലുയരുന്നു വീണ്ടും.

ഒരു ദുഃഖകഥ തീർന്നു തിരശീല താഴുന്നു
നിറയുന്ന മിഴിയൊപ്പി നോക്കിയിരിക്കുന്നു

പല കാലഘട്ടങ്ങൾ പിന്നിട്ട രാമൻെറ
കഥയോർത്തു നാമിന്നുമീ രംഗവേദിയിൽ.

മിഥിലയിൽ, ചിത്രകൂടാർദ്രിസാനുക്കളിൽ,
ഇരുളാർന്ന ദണ്ഡകാരണ്യതടങ്ങളിൽ

ശ്രീരാമചന്ദ്രൻെറ കൂടെ നടന്നൊരാ
രാജകുമാരിയെ നിങ്ങളോർക്കുന്നുവോ?

പൊട്ടിക്കരഞ്ഞുനീ രാവണൻ നിന്നെയാ
പ്പൊന്നശോകത്തണൽത്തട്ടിലിരുത്തവേ.

നിൻെറ പവിത്രമാം മേനിയിലഗ്നി തൻ
സാക്ഷ്യപത്രങ്ങളെഴുതിച്ചു മന്നവൻ.

**കണ്ടുമറന്നു കഴിഞ്ഞില്ല നാമതിൻ**
**മുമ്പു നീയെന്തേ പറഞ്ഞയച്ചിവളെയീ**

**കാട്ടിൻെറ നടുവിലേയ്ക്കൊരു നീണ്ട തേങ്ങലാ-**
**യലയുവാനിപ്പർണ്ണശാലയിലൊരു ദർഭ-**
**ക്കതിരുപോലെരിയുവാൻ.**

**രഘുരാമരാജനു മീയാഗഭൂമിയും**
**ജട നീണ്ട മുനിമാരു മീമന്ത്രഘോഷവും**

**ഒരു മാത്ര ഞെട്ടുന്നു ; പിളരുന്ന മണ്ണിൻെറ**
**മടിയിൽ നീ മറയുന്നു ; പല കാലഘട്ടങ്ങൾ**

**പിന്നിട്ടൊരീദുഃഖ കഥയിന്നുമെരിയുന്നു**
**യാഗാഗ്നി പോലതിൽ രാമൻെറ സ്വപ്നവും.**

**കനകച്ചിലമ്പുമായടിവച്ചു പിന്നെയും**
**മരണത്തിനപ്പുറം നിൽക്കുന്നു മുന്നിൽ നീ**

**രാമായണത്തിലെ ജനകൻെറ നന്ദിനി**
**രാമനുപേക്ഷിച്ച വൈദേഹി മൈഥിലി. ■**

**1989**